(iii) വിദ്യാർത്ഥികൾ വർഷാവസാന പരീക്ഷയിൽ എല്ലാവിഷയത്തിനും ജയിച്ചവരായിരിക്കണം.
(iv) ഒരംഗത്തിന്റെ ഒരു കുട്ടിക്കുമാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

**11. മെറിറ്റ് അവാർഡ്**

2016-17 അദ്ധ്യയന വർഷത്തിൽ താഴെപ്പറയുന്ന കോഴ്സുകൾക്ക് ഏറ്റവും കൂടുതൽ മാർക്ക് / ഗ്രേഡ് വാങ്ങി വിജയിച്ച കുട്ടികളുടെ രക്ഷിതാക്കളായ അംഗങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

(i) SSLC, CBSE, ICSE പത്താം ക്ലാസ് വിദ്യാർത്ഥികൾക്ക്
(ii) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ടെക്നിക്കൽ ഹയർ സെക്കണ്ടറി, ആർട്സ്, സയൻസ്, കൊമേഴ്സ് പ്രത്യേകം - ഓരോ വിദ്യാർത്ഥിക്ക്
(iii) ബി. എ., ബി.എസ്.സി., ബി-കോം തുടങ്ങിയ ബിരുദകോഴ്സുകളിൽ ഓരോ വിദ്യാർത്ഥിക്ക്
(iv) എം. എ., എം. എസ്. സി., എം. കോം തുടങ്ങി എല്ലാ ബിരുദാനന്തര ബിരുദ കോഴ്സിലും ഓരോ വിദ്യാർത്ഥിക്ക്
(v) മെഡിസിൻ (എല്ലാ വിഭാഗങ്ങളും), എൻജിനീയറിംഗ് എന്നീ പ്രൊഫഷണൽ കോഴ്സിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന വിദ്യാർത്ഥികൾക്ക്

**12. എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**

താഴെപ്പറയുന്ന എൻഡോവ്മെന്റ് ഫണ്ട് അവാർഡുകൾക്ക് അർഹരായ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

(i) **ആർ. വി. പണിക്കർ മെമ്മോറിയൽ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**
എസ്. എസ്. എൽ. സി. യ്ക്ക് ഉന്നതവിജയം നേടുന്ന വിദ്യാർത്ഥിക്ക്

(ii) **മാത്യു എം. ജോസഫ് മെമ്മോറിയൽ എൻഡോവ്മെന്റ്**

(iii) **പ്രസന്ന കൃഷ്ണൻ നായർ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**
മുൻ ഗ്രൂപ്പ് ഡി. വിഭാഗം ജീവനക്കാരുടെ (Attender, Record Keeper ഉൾപ്പെടെ) കുട്ടികളിൽ SSLC യ്ക്ക് ഉന്നതവിജയം നേടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്നതാണ്.
ഗ്രൂപ്പ് ഡി. വിഭാഗത്തിൽ നിന്നും അപേക്ഷകർ ഇല്ലാതെവന്നാൽ മേൽ (2) (3) ഗ്രൂപ്പ് സി അംഗങ്ങളുടെ കുട്ടികൾക്ക് നൽകുന്നതാണ്.

(iv) **സൈമൺ ഫ്രാൻസിസ് മെമ്മോറിയൽ അവാർഡ്**
B.A. ഇംഗ്ലീഷ് ലിറ്ററേച്ചർ കോഴ്സിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന കുട്ടിക്ക്. ഡിഗ്രി വിഭാഗത്തിൽ നിന്നുള്ള അപേക്ഷകരുടെ അഭാവത്തിൽ M.A. ഇംഗ്ലീഷ് ലിറ്ററേച്ചറിന് ഈ അവാർഡ് നൽകുന്നതാണ്.

(v) **ഗോൾഡൻ ജൂബിലി മെമ്മോറിയൽ മെറിറ്റ് അവാർഡ്**
കനകജൂബിലി സ്മാരകമായി സൊസൈറ്റി ഏർപ്പെടുത്തിയ ഈ അവാർഡ് State, CBSE, ICSE, 12-ാം ക്ലാസ് ഉന്നതവിജയം നേടുന്ന കുട്ടികൾക്ക് നൽകുന്നതാണ്.

(vi) **കെ. കെ. മോഹനൻ മെമ്മോറിയൽ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**
പാരാമെഡിക്കൽ ഡിഗ്രി കോഴ്സിൽ ഉന്നതവിജയം നേടുന്ന വിദ്യാർത്ഥിക്ക്

(vii) **പി. എൻ. ഗണപതി അയ്യർ എൻഡോവ്മെന്റ് ഫണ്ട് അവാർഡ്**
Pay Matrix 4 വരെയുള്ള അംഗങ്ങളുടെ കുട്ടികൾക്ക് മാത്രം
(i) +2 സയൻസ് ഗ്രൂപ്പിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന ഒരു കുട്ടിക്ക് ഈ അവാർഡ് നൽകുന്നതാണ്.
(ii) 12-ാം ക്ലാസുവരെയുള്ള കുട്ടികളിൽ സ്റ്റേറ്റ്, ജില്ല, ഉപജില്ല ഈ മുറയ്ക്ക് കർണാടക സംഗീതം (വോക്കൽ) ഇല്ലെങ്കിൽ ഉപകരണസംഗീതം ഇവയിലേതിലെങ്കിലും ഒന്നാം സ്ഥാനം ലഭിക്കുന്ന കുട്ടിക്ക്

**13. കലാ-കായിക മത്സരങ്ങൾ**

(i) എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സർക്കാർ സംഘടിപ്പിച്ച സംസ്ഥാന/ അന്തർസംസ്ഥാനതല മത്സരങ്ങളിലും യൂണിവേഴ്സിറ്റിതല മത്സരങ്ങളിലും ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്കും നാഷണൽ മത്സരങ്ങളിൽ പങ്കെടുത്തവർക്കും.
(ii) എൽ. പി., യു. പി. അല്ലെങ്കിൽ ജൂനിയർ വിഭാഗത്തിൽ റവന്യൂ ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്ക്
(iii) കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ ക്ലസ്റ്റർ/ റീജിയണൽ തലങ്ങളിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്കും ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുത്തവർക്കും.

അപേക്ഷകൾ നിശ്ചിത ഫോറത്തിൽ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ സഹിതം **2018 ഫെബ്രുവരി 28-ാം തീയതിക്കു മുമ്പായി** സംഘം ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷാഫാറങ്ങൾ സംഘത്തിൽ നിന്നു വാങ്ങുകയോ www.rubberboardecs.org എന്ന സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്. നിബന്ധനകൾ പാലിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

സംഘത്തിന്റെ പ്രവർത്തനങ്ങളിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു. സന്തോഷം നിറഞ്ഞ ക്രിസ്മസും നവവത്സരവും ആശംസിച്ചുകൊണ്ട്,

ഭരണസമിതിക്കുവേണ്ടി,

സെക്രട്ടറി